File No.DT/2563/2020-F3

# മിനിട്ട്സ്

**<u>ഐ.ടി.ഐ കളിലെ അഡ്മിഷൻ, ക്ലാസ്സുകൾ പുനരാരംഭിക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 11.09.2020 (11 മണിയ്ക്ക്) കൂടിയ (വീഡിയോ കോൺഫറൻസ്) മീറ്റിംഗിന്റെ മിനിട്ട്സ്.</u>**

2020 സെപ്റ്റംബർ 21 തിയതി മുതൽ ഐ.ടി.ഐ കൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഐ.ടി.ഐ കൾ ഈ മാസം 21 മുതൽ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ കൾ തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ട്രെയിനിംഗ് ഡയറക്ടർ ആമുഖമായി അറിയിച്ചു. ഐ.ടി.ഐ കളുടെ ഗ്രേഡിംഗുമായി ബന്ധപ്പെട്ട വിഷയത്തിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് ഗൗരവമായി കാണണമെന്നും ടി വിഷയത്തിൽ ഡി.ജി.റ്റി പോർട്ടൽ തുറക്കുന്ന മുറയ്ക്ക് അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശിച്ചു. ഈ വർഷത്തെ കൗശലാചാര്യ അവാർഡ് എഞ്ചിനീയറിംഗ് ട്രേഡിൽ അരീക്കോട് ഐ.ടി.ഐ യിലെ ശ്രീ .പ്രകാശ്, സീനിയർ ഇൻസ്ട്രക്ടർക്കും, നോൺ എഞ്ചിനീയറിംഗ് ട്രേഡിൽ കൊല്ലം ബി.റ്റി.സി യിലെ ശ്രീ.ജയരാജ്, സീനിയർ ഇൻസ്ട്രക്ടർക്കും ലഭിച്ചിട്ടുണ്ട്. അവാർഡ് ലഭിച്ച ഇൻസ്ട്രക്ടർമാരെ ട്രെയിനിംഗ് ഡയറക്ടർ അഭിനന്ദിക്കുകയുണ്ടായി. കൂടാതെ അവാർഡ് ലഭിച്ച ഇൻസ്ട്രക്ടർമാരെ അഭിനന്ദിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐ കളിൽ ചടങ്ങ് സംഘടിപ്പിക്കണമെന്നും ബഹു. അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. ഈ വർഷത്തെ കൗശലാചാര്യ അവാർഡിനായി 26 നോമിനേഷൻ മാത്രമാണ് ലഭിച്ചതെന്നും അടുത്ത വർഷം ഇതിലേയ്ക്ക് കൂടുതൽ നോമിനേഷനുകൾ ലഭ്യമാക്കണമെന്നും ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശിച്ചു.

1. **<u>അഡ്മിഷൻ</u>**

ഈ വർഷത്തെ അഡ്മിഷൻ നടപടികൾ സെപ്റ്റംബർ മാസം 9 തിയതി മുതൽ ആരംഭിച്ചു. പരമാവധി അപേക്ഷകൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കണമെന്നും ആയതിലേയ്ക്ക് ഓഡിയോ/വീഡിയോ,പത്ര പരസ്യം പ്രാദേശിക തലത്തിൽ നൽകാവുന്നതാണെന്നും അപേക്ഷ സമർപ്പിയ്ക്കുന്ന അപേക്ഷകർക്ക് പോർട്ടലിൽ ട്രേഡ് ചോയ്സ് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് നൽകുവാൻ സാധിക്കുമെന്നും അഡിഷണൽ ഡയറക്ടർ അറിയിച്ചു. അഡ്മിഷൻ സംബന്ധിച്ച് പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാൻ ഐ.ടി.ഐ

കളിൽ 24 മണിക്കൂറും ടെലഫോൺ സേവനം സജ്ജമാക്കുന്നതിന് പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധക്കണമെന്നും നിർദ്ദേശിച്ചു.

2. **ഐ.ടി.ഐ കളിൽ ക്ലാസ്സുകൾ പുന:രാരംഭിക്കുന്നത് സംബന്ധിച്ച്**

2020 സെപ്റ്റംബർ മാസം 21 മുതൽ ഐ.ടി.ഐ കൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഐ.ടി.ഐ കൾ ഈ മാസം 21 മുതൽ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ കൾ തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു. ട്രെയിനികൾക്ക് നഷ്ടമായ 200 മുതൽ 250 മണിക്കൂർ വരെയുള്ള പരിശീലനം നൽകേണ്ടതായിട്ടുണ്ടെന്നും, ആയതിന് ഷെഡ്യൂൾ തയ്യാറാക്കി (മൂന്ന് ഷിഫ്റ്റുകളായി/ശനി, ഞായർ ദിവസങ്ങളും പ്രവൃത്തി ദിവസങ്ങളാക്കിയും) ഐ.ടി.ഐ കൾ തുറക്കുന്ന മുറയ്ക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും, സാമൂഹിക അകലം ഉറപ്പ് വരുത്തിയും പരിശീലനം നൽകുന്നതിനുള്ള നടപടികൾ പ്രിൻസിപ്പാൾമാർ സ്വീകരിക്കണമെന്നും ട്രേഡ് ടെസ്റ്റിന് മുമ്പ് സിലബസ് മുഴുവനും പഠിപ്പിച്ച് തീർക്കാൻ പ്രിൻസിപ്പാൾമാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. നിലവിൽ ക്വാറൻ്റൈൻ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ഐ .ടി.ഐ കളിലെ ട്രെയിനികൾക്ക് പ്രസ്തുത ഐ.ടി.ഐ കൾക്ക് അടുത്തുള്ള ഐ .ടി.ഐ കളിൽ വച്ച് പരിശീലനം നൽകുന്നതിനുള്ള സാധ്യത പരിശോധിച്ച് പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കണമെന്നും ഐ.ടി.ഐ കളിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള കോവിഡ് മാനദണ്ഡങ്ങളെല്ലാം പാലിച്ചുകൊണ്ട് പ്രിൻസിപ്പാൾമാരുടെ റിപ്പോർട്ടിന്റെയും ഉറപ്പിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ഐ .ടി.ഐ കൾ തുറക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ,ആയതിന് പ്രിൻസിപ്പാൾമാർ രൂപരേഖ തയ്യാറാക്കി ലഭ്യമാക്കണമെന്നും അഡീഷണൽ ഡയറക്ടർ അറിയിച്ചു.

3. **On line Training and SMILE Portal**

Bharat Skills പോർട്ടലിൽ ഐ.ടി.ഐ സിലബസ് ലഭ്യമാണ്. ആയത് ഉപയോഗപ്പെടുത്തി ട്രെയിനികൾക്ക് പരിശീലനം നൽകാൻ പ്രിൻസിപ്പാൾമാർ ഇൻസ്ട്രക്ടർമാർക്ക് നിർദ്ദേശം നൽകണം. കൂടാതെ SMILE പോർട്ടലും പ്രയോജനപ്പെടുത്തേണ്ടതാണ്

4. **ഗ്രേഡിംഗ്**

ഐ.ടി.ഐ കളുടെ ഗ്രേഡിംഗുമായി ബന്ധപ്പെട്ട

വിഷയത്തിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് ഗൗരവമായി കാണണമെന്നും, ടി വിഷയത്തിൽ ഡി.ജി.റ്റി പോർട്ടൽ തുറക്കുന്ന മുറയ്ക്ക് അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നും ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശിച്ചു. കോവിഡ് പ്രതിസന്ധി നിമിത്തം ധാരാളം ഐ.ടി.ഐ കൾക്ക് ഗ്രേഡിംഗ് പോർട്ടലിൽ വിവരങ്ങൾ യഥാസമയം അപ്‌ലോഡ് ചെയ്യാൻ സാധിച്ചിരുന്നില്ല. ഡയറക്ടറേറ്റ് തലത്തിൽ ഡി.ജി.റ്റി യുമായി നിരന്തരം ബന്ധപ്പെട്ടതിനാൽ ഗ്രേഡിംഗിനെ സംബന്ധിച്ച പരാതികൾ വീണ്ടും പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന് അവസരം നൽകുന്നതാണെന്ന് ഡി.ജി.റ്റി യിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ പ്രിൻസിപ്പാൾമാർ ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും യഥാസമയം അപ് ലോഡ് ചെയ്യേണ്ടതുമാണ്. ഗ്രേഡിംഗിന് പങ്കെടുക്കാത്ത ഐ.ടി.ഐ കൾക്ക് വീണ്ടും ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള അവസരവും ഡി.ജി.റ്റി ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഐ .ടി.ഐ കൾ ബന്ധപ്പെട്ട RDMSDE യുമായി ബന്ധപ്പെട്ട് തുടർനടപടകൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഇൻസ്പെക്ഷൻ തീയതി ഡി .ജി.റ്റി യിൽ നിന്നും അറിയിക്കുന്നതാണ്.

5. <u>ഐ.ടി.ഐ കളിലെ ട്രെയിനികൾക്ക് ഗതാഗതം സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി</u>

ലോക്കഡൗണിനു ശേഷം ഐ.ടി.ഐ കൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ട്രെയിനികൾക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനായി (കൺസഷൻ) നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകണമെന്ന് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

6. <u>കണ്ടംനേഷൻ</u>

വിവിധ വകുപ്പുകളിൽ നിന്ന് ട്രെയിനികളുടെ പരിശീലനത്തിനായി ഐ.ടി.ഐ കൾക്ക് ലഭിച്ചതും നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങൾ ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് ലേലം ചെയ്യുന്നതിന് വാഹനങ്ങളുടെ വിവരം (എന്ത് കൊണ്ടാണ് വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതെന്ന കാരണം ഉൾപ്പെടെ ) ഗൂഗിൾ ഷീറ്റിൽ 14.09.2020,

3 മണിയ്ക്ക് മുമ്പായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്

7. <u>ഉപകരണ സംഭരണം</u>

25000 രൂപ വരെയുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിന് എല്ലാ പ്രിൻസിപ്പാൾമാരും GEM പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇനിയും

GEM പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത ഐ .ടി.ഐ കൾ ഒരാഴ്ചയ്ക്കകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഉപകരണ സംഭരണം നടത്തിയതിന് നൽകാനുള്ള പെൻഡിംഗ് പേയ്മെന്റുകൾ സംബന്ധിച്ച വിഷയത്തിൽ ഡയറക്ടറേറ്റിലെ പർച്ചേസ് സെക്ഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം മൈനർ വർക്കിനുള്ള ശുപാർശകൾ ഉണ്ടെങ്കിൽ ആയതും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

8. <u>പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ അഡ്മിഷൻ</u>

2019-20 അഡ്മിഷൻ സമയത്ത് പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിരുന്നു. ആയതിലൂടെ ടി വിഭാഗത്തിൽ അനുവദിച്ചിരുന്ന സീറ്റുകളിലേക്ക് ടി വിഭാഗക്കാർക്ക് കൂടുതൽ പ്രവേശനം നൽകുവാൻ സാധിച്ചു. 2020 അഡ്മിഷനിലും പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട ട്രെയിനികൾക്കായി സംവരണം ചെയ്തിട്ടുള്ള മുഴുവൻ സീറ്റിലും ടി വിഭാഗക്കാർക്ക് പ്രവേശനം ഉറപ്പാക്കുന്നതിന് പ്രിൻസിപ്പാൾമാർ പ്രത്യേക ശ്രദ്ധ നൽകേണ്ടതും സ്പെഷ്യൽഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്. ഇതിന് മേൽനോട്ടം വഹിക്കുന്നതിന് കണ്ണൂർ റീജിയണൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി.

9. <u>ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ നിയമനം</u>

ഐ ടി ഐ വീണ്ടും തുറന്നു പ്രവർത്തിക്കുമ്പോൾ AITT എഴുതാൻ പോകുന്ന ട്രെയിനികൾക്ക് ആയതിലേയ്ക്കുള്ള സിലബസ് പൂർത്തിയാക്കുന്നതിന് നേരെത്തെ ഉണ്ടായിരുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഇതിനുവേണ്ട ഉത്തരവ് ഡയറക്ടറേറ്റിൽ നിന്ന് നൽകുവാൻ ബഹു.ഡയറക്ടർ നിർദ്ദേശിച്ചു.

യോഗം 1.30-ന് അവസാനിച്ചു

CHANDRASEKAR S, DT DTTVPM, O/O DIRECTOR DTTVPM

DIRECTOR OF TRAINING